11943
19/6/18

കേരള സർക്കാർ

## സംഗ്രഹം

ഗതാഗത വകുപ്പ് - കേരള റോഡ് സുരക്ഷാ അതോറിറ്റി - ട്രാഫിക് നിയമ ലംഘനം തടയുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സേഫ് കേരള പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഗതാഗത (ഡി) വകുപ്പ്

സ.ഉ.(കൈ). നമ്പർ. 42/2018/ഗതാഗതം തിരുവനന്തപുരം, തീയതി: 04/06/2018

---

പരാമർശം: (1) 01.12.2017 ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ E1/53/2017-TC നമ്പർ കത്ത്.
(2) 27.12.2017 ലെ 377/secy/Trans/2017 നമ്പർ കത്ത്.
(3) 20.01.2018 ലെ E1/12861/2013-TC നമ്പർ കത്ത്.

## ഉത്തരവ്

2011-2020 കാലഘട്ടത്തെ റോഡ് സുരക്ഷയുടെ ദശകം ആയി യു.എൻ പൊതുസഭ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ റോഡ് സേഫ്റ്റി വിഷൻ ഡോക്യുമെന്റ് എന്ന ആശയം മുന്നോട്ടു വച്ചു. 2020-ഓടുകൂടി എല്ലാ കേരളീയർക്കും വിനോദ സഞ്ചാരികൾക്കും സുരക്ഷിതവും തടസ്സരഹിതവുമായ യാത്രാസൗകര്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി റോഡ് സുരക്ഷാ വിദഗ്ധനായ ശ്രീ.പി.ഡി.സുനിൽബാബു തയ്യാറാക്കിയ 126.07 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ പദ്ധതിരൂപരേഖ പരാമർശം(1) പ്രകാരം ഗതാഗത കമ്മീഷണർ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പദ്ധതി രേഖ സർക്കാർ തലത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പുതുക്കിയ പദ്ധതിരേഖ സമർപ്പിക്കാൻ പരാമർശം (2) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു.

3. പണമിടപാടും, വിവധ ക്ലറിക്കൽ ജോലികളും ഉൾപ്പെടുന്നതാകയാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ജോലികൾ നിർവ്വഹിക്കുന്നതിന് പുറം കരാർ നൽകുന്നത് ഉചിതമല്ലായെന്നും, ആയതിനാൽ നിലവിലുള്ള എൻഫോഴ്സ്മെന്റ് ജീവനക്കാർക്ക് പുറമേ 14 ഹെഡ് അക്കൗണ്ടിന്റെയും 28 ക്ലർക്കിന്റെയും(ഓരോ കൺട്രോൾ റൂമിലും ഒരു ഹെഡ് അക്കൗണ്ടന്റ്, 2 ക്ലറിക്കൽ ജീവനക്കാർ എന്ന ക്രമത്തിൽ) അധിക തസ്തികകൾ അനുവദിക്കണമെന്നും 14 ജില്ലകളിലായി 51 പുതിയ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതും, ആയതിലേക്ക് ആകെ 262 പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായുണ്ടെന്നും ഈ പദ്ധതിയ്ക്ക് ആവശ്യമായ വാഹനങ്ങൾ ഡ്രൈവർമാർ സഹിതം പുറം കരാർ വ്യവസ്ഥയിൽ എടുക്കുന്നതൊഴികെ 262 പുതിയ തസ്തികകൾ ഉൾപ്പെടെ ആകെ 46.58 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നുവെന്നും പരാമർശം (3) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 10 ആർ.ടി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ 262 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

5. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ക്വാഡ് വാഹനങ്ങൾ, ഡ്രൈവർ ഉൾപ്പെടെ out source ചെയ്ത് wet lease-ന് എടുക്കേണ്ടതും, കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ out source ചെയ്യേണ്ടതുമാണെന്നും ഇതിനാവശ്യമായ തുക കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 3055-00-800-95(NP-C) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മിഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(U.O No.738068/I&PW-A1/18/Fin തീയതി 30/05/2018)
പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം.....................തീയതി...................)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

SRaj.

സെക്ഷൻ ഓഫീസർ